പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 760

29.09.2016-ൽ മറുപടിയ്ക്ക്

## ഏയിഞ്ചൽവാലി-മൂലക്കയം റോഡിന്റെ പണി

| ചോദ്യം<br>ശ്രീ.പി.സി. ജോർജ് | | ഉത്തരം<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കോട്ടയം ജില്ലയിലെ ഏയിഞ്ചൽവാലി-മൂലക്കയം റോഡിന്റെ പണി അടുത്തകാലത്ത് നടത്തിയത് ഏത് കോൺട്രാക്ടറാണ്; പേരു വിവരം വെളിപ്പെടുത്താമോ; | (എ) | പ്രസ്തുത റോഡിന്റെ പണി നടത്തിയത് ശ്രീ. ജോർജ്ജ് കുരുവിള എന്ന കോൺട്രാക്ടറാണ്. |
| (ബി) | എന്ത് തുകയ്ക്കാണ് പ്രസ്തുത റോഡുപണി നടത്തിയത്; ഇതിന്റെ എസ്റ്റിമേറ്റ് തുക എത്ര; എഗ്രിമെന്റ് തുക എത്ര; വിശദമാക്കാമോ; | (ബി) | എസ്റ്റിമേറ്റ് തുക — 4,03,62,753/-<br>എഗ്രിമെന്റ് തുക — 4,22,73,306/- |
| (സി) | എന്നാണ് പ്രസ്തുത റോഡിന്റെ പണി തുടങ്ങിയതെന്നും പൂർത്തിയാക്കിയതെന്നും വെളിപ്പെടുത്താമോ; വിശദമാക്കാമോ; | (സി) | 21.04.2015-ൽ പണി തുടങ്ങി, പണി പൂർത്തീകരിച്ചിട്ടില്ല. |
| (ഡി) | റോഡിന്റെ പണി തീർന്ന ഉടൻ തന്നെ പ്രസ്തുത റോഡിന്റെ പല ഭാഗങ്ങളും പൊട്ടിപ്പൊളിഞ്ഞതു മൂലം ജനങ്ങൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉറവ ഉള്ളിടത്ത് പൊളിഞ്ഞു പോയ ഭാഗങ്ങൾ നന്നാക്കിയിട്ടുണ്ട്. പണി പൂർത്തീകരിച്ചിട്ടില്ല. |
| (ഇ) | പ്രസ്തുത റോഡിന്റെ പണിയ്ക്ക് മേൽനോട്ടം വഹിച്ച പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥർ ആരൊക്കെ; വിവരിക്കുമോ; | (ഇ) | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീ. അലക്സ് തോമസ്, അസിസ്റ്റന്റ് എഞ്ചിനീയർമാരായ ശ്രീമതി മീര, ശ്രീമതി പ്രസ്സി, ഓവർസിയർ ശ്രീ. സുരേഷ് എന്നിവരാണ് പ്രവൃത്തികൾക്ക് മേൽനോട്ടം വഹിച്ചത് |

| | | | |
|---|---|---|---|
| (എഫ്) | റോഡു പണിയിൽ ക്രമക്കേട് ഉള്ളതായി ആക്ഷേപമുള്ളതിനാൽ സത്യസന്ധരായ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഈ റോഡിന്റെ പണി വിശദമായി പരിശോധിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; | (എഫ്) | പ്രത്യേകം പരാതി തന്നാൽ വിശദമായി അന്വേഷിക്കും. പ്രവൃത്തിയിൽ എന്തെങ്കിലും ന്യൂനതകളോ, അഴിമതിയോ ശ്രദ്ധയിൽപ്പെടുന്ന പക്ഷം അന്വേഷിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ജി) | വിശദമായ പരിശോധനയുടെ വെളിച്ചത്തിൽ, ഈ റോഡു പണിയിൽ അഴിമതി നടന്നിട്ടുണ്ടെങ്കിൽ അതിന് കാരണക്കാരായ പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥർക്കെതിരെയും കോൺട്രാക്ടർക്കെതിരെയും അടിയന്തര നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ; കരാറുകാരന് പി.ഡബ്ല്യു.ഡി.യിൽ നിന്നും കരാർ തുക മുഴുവനും കൊടുത്തു കഴിഞ്ഞോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ജി) | അഴിമതി നടന്നിട്ടുണ്ടെന്ന് തെളിഞ്ഞാൽ കാരണക്കാരായവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.<br>കരാറുകാരന് തുക ഒന്നും നൽകിയിട്ടില്ല. 2,65,91,301/- രൂപയുടെ പെന്റിംഗ് ബില്ല് നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ